(ഡി) ടി പ്രവൃത്തിയുടെ കരാർ കാലാവധി ഏതു തീയതിവരെയെന്നും സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ എത്ര തവണ, ഏതു കാരണത്താലെന്നും വ്യക്തമാക്കാമോ ;

(ഇ) പ്രവൃത്തി ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി 30-4-2015-നകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) GIDA-യുടെ ഫണ്ട് ഉപയോഗിച്ചാണ് പ്രവൃത്തി നടത്തുന്നത്. GIDA-യിൽ നിന്ന് ഫണ്ട് യഥാസമയം ലഭ്യമാകാത്തതിനാൽ പണി ചെയ്യുവാൻ കോൺട്രാക്ടർ വിമുഖത കാണിക്കുന്നുണ്ട്.

(ഡി) ടി പ്രവൃത്തിയുടെ കരാർ കാലാവധി 2-3-2015 വരെയാണ്. ക്വാറി സമരം മൂലം ഒരു തവണ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ഇ) ആവശ്യമായ ഫണ്ടു ലഭ്യമാക്കാൻ GIDA സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഊർജ്ജിതപ്പെടുത്തുന്നതിന് കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ധർമ്മടം മണ്ഡലത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾ

305 (1349) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ധർമ്മടം മണ്ഡലത്തിൽ പൊതു മരാമത്ത് വകുപ്പ് പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയും എന്നാണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധർമ്മടം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച പ്രവൃത്തികളുടെയും പൂർത്തീകരിച്ച തീയതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly